# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1468** — **03/05/2017-ന് മറുപടിക്ക്**

**<u>അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ നിയമനം</u>**

**<u>ചോദ്യം</u>**

ശ്രീ. ആർ.രാമചന്ദ്രൻ

**<u>ഉത്തരം</u>**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കേരള പബ്ലിക് സർവീസ് കമ്മീഷൻ , കേരള ബിവറേജസ് കോർപ്പറേഷൻ എന്നിവയിലെ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ നിയമനത്തിന് വേണ്ടി പരീക്ഷ നടത്തിയിട്ടുണ്ടോ; പ്രസ്തുത പരീക്ഷ നടത്തിയത് എന്നാണ്; ആയതിന്റെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ)യും, (ബി)യും & (സി)യും | കേരള ബിവറേജസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ നിയമനത്തിനായി കാറ്റഗറി നമ്പർ 426/14 ആയി അപേക്ഷ ക്ഷണിച്ചു. 25.07.2016-ൽ ഒ.എം.ആർ പരീക്ഷ നടന്നു. തുടർന്ന് 4471 പേർ ഉൾപ്പെട്ട സാദ്ധ്യതാ പട്ടിക പ്രസിദ്ധീകരിച്ച് പ്രമാണ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടന്നു വരുന്നു. സൂക്ഷ്മ പരിശോധന വേഗത്തിൽ പൂർത്തിയാക്കി എത്രയും വേഗത്തിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുവാൻ നടപടി കൈക്കൊണ്ട് വരുന്നു. ടി തസ്തികയിലേയ്ക്ക് 160 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള ബിവറേജസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള എൻ.ജെ.ഡി. ഒഴിവുകളുടെ കമ്മ്യൂണിറ്റി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>ഈഴവ- 18 , മുസ്ലിം-13, എസ്.സി- 9, എസ്.റ്റി- 3, എൽ.സി- 5, എസ്.ഐ.യു.സി-1, ഹിന്ദു നാടാർ-1, ഒ.ബി.സി.-6, ധീവര-2, ഒ.എക്സ്.-2, വിശ്വകർമ്മ-2 .<br>സെക്രട്ടറിയേറ്റ്, പി.എസ്.സി. തുടങ്ങിയവയിലെ അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയുടെ റാങ്ക് പട്ടിക 08.04.2016-നാണ് നിലവിൽ വന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 135 പേർക്ക് നിയമന ശിപാർശ നല്കിയിട്ടുണ്ട്. 24 ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; എത്ര ഒഴിവുകൾ നാളിതുവരെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എൻ.ജെ.ഡി ഒഴിവുകൾ ഏതെല്ലാമെന്ന് കമ്മ്യൂണിറ്റി തിരിച്ച് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**